കിടക്കുകയാണ്. അവിടത്തെ തൊഴിലാളികളെ പുനഃസംഘടനയുടെ ഭാഗമായി പുനർവിന്യസിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ? അവർക്കിപ്പോൾ തൊഴിലില്ലാതിരിക്കുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : പുനഃസംഘടനയടക്കമുള്ള കാര്യങ്ങൾ ചർച്ചചെയ്യുന്നതാണ്.

ശ്രീ. പി. രാജു : നമ്മുടെ സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട ചില പരിഷ്കാരങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. താഴെത്തട്ടിൽ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ എത്തിച്ചേരുന്നില്ല. ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ ഓഫീസുകൾവരെയേ ശരിക്കും പ്രവർത്തനങ്ങൾ നടക്കുന്നുള്ളൂ. അതുകൊണ്ട് താലൂക്ക് അടിസ്ഥാനത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും ഈ പ്രവർത്തനങ്ങൾ എത്തിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് പുനഃസംഘടനയുമായി ബന്ധപ്പെടുത്തി ആലോചിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : താഴെത്തട്ടിൽ പ്രവർത്തിക്കുന്നതിനുവേണ്ടിയാണ് കൂടുതൽ മത്സ്യഭവനുകൾ ആരംഭിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. ഏകദേശം ഇരുന്നൂറോളം മത്സ്യഭവനുകൾ നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചുകൊണ്ട് താഴെത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഗുണം ചെയ്യുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്.

5 (*557) ഇറിഗേഷൻ പദ്ധതി ആരംഭിക്കുന്നതു സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ

ശ്രീമതി ശോഭനാ ജോർജ്:

ശ്രീ. എം. മുരളി:

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ:

ശ്രീ. ജോർജ്.ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ഏതെങ്കിലും ഇറിഗേഷൻ പദ്ധതി ആരംഭിക്കുന്നതു സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ നടക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം;

(സി) ഈ പദ്ധതികളെ സംബന്ധിക്കുന്ന വിശദാംശം നൽകുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് വൻകിട ഇടത്തരം ജലസേചന മേഖലയിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതു സംബന്ധിച്ച് പര്യവേഷണ ജോലികൾ നടക്കുന്നുണ്ട്.

(ബി)&(സി) തിരുവനന്തപുരം ജില്ലയിലെ വാമനപുരം ജലസേചന പദ്ധതി, കോട്ടയം ജില്ലയിലെ മീനച്ചൽ ജലസേചന പദ്ധതി, മലപ്പുറം ജില്ലയിലെ ചാലിയാർ നദീതട ജലസേചനപദ്ധതി എന്നിവയാണ് ഇപ്പോൾ പര്യവേഷണത്തിൽ ഇരിക്കുന്നത്. കൂടാതെ വയനാട് ജില്ലയിലെ കബനീനദിയിൽ ചുണ്ടേലിപ്പുഴ, കല്ലാംപതി, കടമൺതോട്, ചീഘട്ട്, നൂൽപ്പുഴ എന്നീ അഞ്ച് പദ്ധതികൾക്കുമുള്ള പര്യവേഷണ ജോലി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശോഭനാ ജോർജ് : സർ, ഇവിടെ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയതും തുടങ്ങാനിരിക്കുന്നതുമായ എട്ട് പദ്ധതികളെക്കുറിച്ച് പറഞ്ഞു, എന്നത്തേക്ക് ഇതിന്റെ പണികൾ ആരംഭിക്കാൻ കഴിയും; ഇതിന് ഏകദേശം എത്ര രൂപയാകും; ഇതിന് ഏതെങ്കിലും ഏജൻസികൾ സഹായം നൽകാമെന്ന് അറിയിച്ചിട്ടുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, പര്യവേഷണം നടക്കുന്നതേയുള്ളൂ, പര്യവേഷണം നടന്നതിനുശേഷം ഡിസൈൻ വന്നതിനുശേഷം എസ്റ്റിമേറ്റ് എത്ര രൂപയാകും എന്ന് നോക്കിയതിനുശേഷമാണ് പണം അന്വേഷിക്കുന്നത്. ഇപ്പോൾ അതിന്റെ ഇൻവെസ്റ്റിഗേഷൻ മാത്രമേ നടക്കുന്നുള്ളൂ.

ശ്രീമതി ശോഭനാ ജോർജ് : സംസ്ഥാനത്ത് പണി തുടങ്ങി മുടങ്ങിക്കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ ഉണ്ട്. പറഞ്ഞ സമയത്ത് കമ്മീഷൻ ചെയ്യാൻ കഴിയാത്തവയുമുണ്ട്. അത്തരം പദ്ധതികൾ ഇനിയുള്ള സമയപരിധിയ്ക്കുള്ളിലെങ്കിലും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : തീർച്ചയായിട്ടും നടപടി സ്വീകരിക്കാം.

ശ്രീ. എം. മുരളി : ഇവിടെ മൂന്ന് പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടക്കുന്നു. അഞ്ച് പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടക്കാൻ പോകുന്നു എന്നു പറഞ്ഞു, കല്ലട, പമ്പ പ്രോജക്ടുകൾക്കുണ്ടായ ഒരു ഗതികേട് ഈ പദ്ധതികൾക്ക് ഉണ്ടാകുകയില്ല എന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ; ഈ ഇൻവെസ്റ്റിഗേഷൻ നടത്തിക്കഴിഞ്ഞാൽ ഏത് ധനകാര്യ ഏജൻസിയിൽനിന്നാണ് ഇതിന് പണം കണ്ടെത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നത് എന്നും വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : പണം എവിടെനിന്ന് കിട്ടിയാലും വാങ്ങി ചെയ്യും, എവിടെ നിന്നാണ് എളുപ്പം കിട്ടാൻ വഴിയെന്ന് പരിശോധിക്കും, അല്ലാതെ ഇന്നസ്ഥലത്തുനിന്നുതന്നെ വാങ്ങാമെന്നുള്ള നിലയിലല്ല. അതിന്റെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതിനുശേഷം ഏത് ഏജൻസിയെ സമീപിച്ചാലാണ് പണം എളുപ്പം കിട്ടാൻ കഴിയുക എന്ന് നോക്കി അങ്ങനെ ചെയ്യും.

ശ്രീ. എം. മുരളി : കല്ലട പ്രോജക്ടിന്റേയും പമ്പ ഇറിഗേഷൻ പ്രോജക്ടിന്റേയും പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ഭയപ്പാട് ഉള്ളതുകൊണ്ടാണ് ഞങ്ങൾ ചോദിക്കുന്നത്. ഈ രണ്ടു പ്രോജക്ടുകളും നമ്മുടെ ഭൂജനാവിനെ കൊള്ളയടിച്ച നിരവധി വർക്കുകൾക്ക് വഴിവച്ച പ്രോജക്ടുകളാണ്. കല്ലട ഇറിഗേഷൻ പ്രോജക്ടുകൊണ്ടോ പമ്പാ ഇറിഗേഷൻ പ്രോജക്ടുകൊണ്ടോ ജനങ്ങൾക്ക് യാതൊരു പ്രയോജനവുമുണ്ടായില്ല. ഈ രണ്ട് പ്രോജക്ടുകളും പോകുന്നത് എന്റെ നിയോജകമണ്ഡലത്തിൽക്കൂടിയാണ്. എന്റെ നിയോജകമണ്ഡലത്തിൽക്കൂടി കെ.എം.പി.യും പി.ഐ.പിയും പോകുന്നുണ്ട്. കർഷകർക്ക് ഇതുകൊണ്ട് ഒരു പ്രയോജനവും ഇല്ല. കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തിയ ഇത്തരം പ്രോജക്ടുകൾ കൊണ്ടുവരുന്നതു കൊണ്ട് കടക്കെണിയിൽപ്പെട്ട കേരളത്തെ കൂടുതൽ ദുരിതത്തിലാക്കാൻ മാത്രമേ സഹായിക്കുകയുള്ളൂ. അതുകൊണ്ട് ഇൻവെസ്റ്റിഗേഷന് ഇറങ്ങിപ്പുറപ്പെടും മുമ്പ് ഇത്തരം പദ്ധതികളുടെ പരാജയം വിലയിരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : കല്ലട പദ്ധതിയുടെ പരാജയമൊക്കെ ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ട്. ഇപ്പോൾ ചർച്ചചെയ്താൽ ആ പ്രശ്നം

തീരുന്നതല്ലല്ലോ. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതല്ല കല്ലട പദ്ധതിയുടെ പരാജയത്തിന് കാരണം. അത് കൈകാര്യം ചെയ്യുന്നവരുടെ കുഴപ്പം കൊണ്ട് പറ്റിയതാണ്. വേൾഡ് ബാങ്കിന്റെ പണം കൊണ്ടാണ് അത് തുടങ്ങിയത്. അത് കൈകാര്യം ചെയ്തതിൽ അഴിമതിയും ധൂർത്തുമൊക്കെ നടന്നിട്ടുണ്ട്. അതൊന്നും ഇടതുപക്ഷമുന്നണിക്കോ സർക്കാരിനോ ബാധകമല്ല.

<u>ശ്രീ. ജോർജ്. ജെ. മാത്യു</u> : കാവേരിയുമായി ബന്ധപ്പെട്ട് കേരളത്തിലെ കുറേ നദികൾ ഉണ്ട്. ആ നദികളിലെ വെള്ളം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : എല്ലാ നദികളെ സംബന്ധിച്ചും അതോറിറ്റി രൂപീകരിക്കാനാണ് ഗവൺമെന്റ് ഇപ്പോൾ ആലോചിക്കുന്നത്. അതിന്റെ ആദ്യ നടപടിയായി പെരിയാർ വാലിയിലാണ് അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. കാവേരി നദീജലം നമുക്ക് കിട്ടുമ്പോൾ ഉപയോഗിക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ കബനീനദിയിൽ ചുണ്ടേലിപ്പുഴ, കല്ലാംപതി, കടമൺതോട്, ചീഘട്ട്, നൂൽപ്പുഴ എന്നീ പദ്ധതികൾക്ക് ആ വെള്ളം സംഭരിച്ചു കൊടുക്കുന്നത്. പക്ഷേ പദ്ധതിയെ സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ തുടങ്ങിയപ്പോൾത്തന്നെ ജനങ്ങൾ അവിടെ പ്രക്ഷോഭം ആരംഭിച്ചിരിക്കുന്നു. ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ ഇപ്പോൾ ഇവിടെ ഇല്ല. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ ഈ പ്രക്ഷോഭത്തിന് നേതൃത്വം വഹിച്ചു. എന്തായാലും ഇൻവെസ്റ്റിഗേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ജനങ്ങളെല്ലാംകൂടി എതിർക്കുകയാണെങ്കിൽ വേണമോ വേണ്ടയോ എന്ന് പിന്നെ തീരുമാനിക്കും.

<u>ശ്രീ. ജോർജ്.ജെ. മാത്യു</u> : കോട്ടയം ജില്ലയിലെ കിഴക്കൻ മേഖലകൾക്ക് അനുയോജ്യമായ ഇറിഗേഷൻ പദ്ധതിയും അതിന്റെ കൂടെത്തന്നെ കുടിവെള്ള വിതരണ പദ്ധതിയുംകൂടി നടപ്പിലാക്കാൻ എന്തെങ്കിലും പരിപാടി ഇപ്പോൾ നിലവിലുണ്ടോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : മീനച്ചൽ ആറിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നപ്പോൾത്തന്നെ ജനങ്ങളുടെ ഇടയിൽ അത് വേണ്ട എന്നുള്ള അഭിപ്രായങ്ങൾ പൊന്തിവന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അതിനെ സംബന്ധിച്ചുള്ള നടപടികൾ ത്വരിതപ്പെടുത്താതിരിക്കുകയാണ്. ഗവൺമെന്റാണ് അക്കാര്യം തീരുമാനിക്കേണ്ടത്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : അങ്ങ് പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടത്തണം, ആരംഭിക്കണം എന്നെല്ലാം പറയുകയുണ്ടായി. വാമനപുരം നദീതട പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ച് കോടിക്കണക്കിന് ഉറുപ്പിക മുടക്കിയിട്ടും പൂർത്തിയായില്ല. വർഷങ്ങൾ ഏറെയായ ആ പദ്ധതി പൂർത്തിയാക്കാൻ ഇനിയെങ്കിലും ഒരു ടൈം ഷെഡ്യൂൾ വച്ച് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : വാമനപുരം പദ്ധതി വളരെ വർഷങ്ങൾ മുമ്പ് ആരംഭിച്ചതാണ്. ഇപ്പോൾ അതിന്റെ പണികൾ നിറുത്തിവച്ചിരിക്കുകയാണ്. ഇപ്പോൾത്തന്നെ ബഡ്ജറ്റിൽ പ്രൊവിഷനില്ല. ഇതുസംബന്ധിച്ച് ആലോചിച്ച് വാമനപുരം പദ്ധതി ഒരു വിവിധോദ്ദേശ പദ്ധതിയാക്കി കൂടുതൽ ലാഭകരമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പഠനംകൂടി നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. കുടിവെള്ളം കൊടുക്കാനും കൃഷിക്ക് ഉപയോഗിക്കാനും ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാനും അങ്ങനെ ഒരു വിവിധോദ്ദേശ പദ്ധതിയാക്കാനാണ് രൂപം കൊടുത്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇപ്പോൾ രണ്ടു പദ്ധതികൾ ഇൻവെസ്റ്റിഗേഷൻ നടത്തിയതായി പറഞ്ഞു, ഒന്ന് ചാലിയാർ ആണ്. അത് എന്റെ നിയോജകമണ്ഡലത്തിലാണ്. ആ പദ്ധതി വരികയാണെങ്കിൽ ആയിരത്തോളം ഏക്കർ ഫോറസ്റ്റ് സബ്മെർജ് ചെയ്യും. അതുകൊണ്ട് ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരം വേണം. അത് ഒരിക്കലും പ്രായോഗികമല്ല. അതുകൊണ്ട് ആറോ ഏഴോ റെഗുലേറ്റർ-കം-ബ്രിഡ്ജ് ഉണ്ടാക്കി ആ പ്രവൃത്തി ഉടനെത്തന്നെ ഏർപ്പാട് ചെയ്യുകയാണെങ്കിൽ അത് പ്രായോഗികമാകും; അതിന് തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇപ്പോൾ 450 കോടി ഉറുപ്പികയുടെ ഒരു പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ പര്യവേഷണ ജോലികൾ പൂർത്തിയാക്കി പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര ജല വിഭവ കമ്മിഷന്റെ അനുമതി വേണം. അതു കിട്ടിയില്ലെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പരിശോധിക്കാം.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ഇടുക്കി ജില്ലയിലെ രാജാക്കാട് ശുദ്ധജല വിതരണ പദ്ധതി 1997 മാർച്ചിൽ പൂർത്തിയായതാണ്. ആ പദ്ധതി വെള്ളം പമ്പ് ചെയ്യുമ്പോൾ പൈപ്പ് പൊട്ടുന്നതുമൂലം പ്രവർത്തനക്ഷമമല്ല.

മി. സ്പീക്കർ : ശുദ്ധജലത്തിന്റെ കാര്യമല്ല. ഇത് വേറെ ചോദ്യമാണ്. ഇറിഗേഷൻ പദ്ധതിയാണ്. അങ്ങയുടെ ചോദ്യം നേരത്തേ കഴിഞ്ഞുപോയി.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ഇടുക്കി ജില്ലയിൽ കഴിഞ്ഞ 3 വർഷമായിട്ട് മറ്റു ജില്ലകളെ അപേക്ഷിച്ച് വേണ്ടത്ര മുതൽമുടക്ക് ഉണ്ടായിട്ടില്ല. ആ കാര്യത്തെക്കുറിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അങ്ങനെ ഒരു ജില്ലയോടും ഒരു അവഗണനയും കാണിച്ചിട്ടില്ല. ഇറിഗേഷൻ പർപ്പസിന് ആവശ്യമായിട്ടുള്ള പണം അത്യാവശ്യമുള്ളിടത്ത് ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കല്ലട പദ്ധതിയെക്കുറിച്ച് അങ്ങ് മറുപടി പറഞ്ഞു. കല്ലട പദ്ധതിയെക്കുറിച്ച് നമുക്കൊക്കെ അറിയാം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഏതായാലും ഇത്രയും വലിയ മുതൽമുടക്ക് നടത്തിയ പദ്ധതികൊണ്ട് കാര്യമായ ഒരു പ്രയോജനവും അവിടത്തെ കൃഷിക്കാർക്ക് കിട്ടിയിട്ടില്ല. കനാലുകളും സബ്കനാലുകളും തീർന്നിട്ടുണ്ട്. ഡിപ്പാർട്ട്മെന്റലായിട്ടോ എങ്ങനെയാണെന്ന് എനിക്ക് അറിയില്ല, കുറെ പണംകൂടി മുടക്കി ഈ സബ് കനാലുകളിലെ ബ്രീച്ചസ് ഒക്കെ അടച്ച് മണ്ണൊക്കെ കോരി ശരിയാക്കാമോ? എല്ലാം നികന്നുകിടക്കുകയാണ്. കഴിഞ്ഞ രണ്ടു കൊല്ലമായി സബ് കനാലുകളിൽക്കൂടി വെള്ളം വിട്ടിട്ടില്ല. അങ്ങയുടെ നിയോജകമണ്ഡലത്തിലും ഇത് വരുന്നു എന്നാണ് എന്റെ ഓർമ്മ. എന്റെ നിയോജകമണ്ഡലത്തിൽ വളരെക്കൂടുതൽ ഉണ്ട്. ഇതിന്റെ കുഴപ്പങ്ങളൊക്കെ നമുക്ക് അറിയാം. എന്താ നടന്നതെന്നതിലേയ്ക്കൊന്നും പോകുന്നില്ല. അതുകൊണ്ട് ഇത് എങ്ങനെയെങ്കിലും കമ്മീഷൻ ചെയ്ത് മുടക്കാവുന്നിടത്തോളം പരിമിതമായ ചെലവിൽ കൂടുതൽ പ്രയോഗികമായി നടത്താൻ എന്തെങ്കിലും ഒരു പദ്ധതി നടപ്പാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഈ അടുത്ത കാലത്ത് ചില പദ്ധതികളൊക്കെ ഭാഗികമായി കമ്മീഷൻ ചെയ്തു. അവിടെ ചില ബ്രീച്ചസൊക്കെ വീണു എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. എന്തായാലും ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ ഇത് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും. ആ നിലയിലാണ് അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്.

ശ്രീ. മോൻസ് ജോസഫ് : കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളെക്കൂടി ബന്ധപ്പെടുത്തിക്കൊണ്ട് ചുള്ളിത്തോട് പദ്ധതി ഉദ്ഘാടനം ചെയ്തതാണ്. അതിന് ഗവൺമെന്റ് അനുമതിയും നൽകിയിട്ടുണ്ട്. വർക്കുകൾ ടെണ്ടർ ചെയ്യാൻ കഴിയാത്തതിനാൽ ആറു മാസത്തേയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയതായി ഡിപ്പാർട്ട്മെന്റിൽനിന്ന് അറിഞ്ഞു. ആ നിയന്ത്രണം പിൻവലിക്കാനും ഇത്തരത്തിലുള്ള വർക്കുകൾ ടെണ്ടർ ചെയ്യാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഈ വർക്കിനെ സംബന്ധിച്ച് മാത്രമല്ല, പൊതുവേ നിയന്ത്രണം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ.എ. ചന്ദ്രൻ : കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ പലക പ്പാണ്ടി ഇറിഗേഷൻ പ്രോജക്ടിന് ഒരു സർവേ നടത്തിയതാണ്. അതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തിയാൽ, കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കാൻ കഴിയുന്ന ആ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞാൽ വലിയ പ്രയോജനമാണ്. അതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : വാമനപുരം നദീതട പദ്ധതിയെക്കുറിച്ച് അങ്ങ് ശ്രീ. ആനത്തലവട്ടം ആനന്ദന്റെ ചോദ്യത്തിന് മറുപടി പറഞ്ഞു. ഇന്ന് ആ പദ്ധതിക്ക് പ്ലാനിംഗ് ബോർഡ് എന്തെങ്കിലും തുക നീക്കിവച്ചിട്ടുണ്ടോ? ആ പദ്ധതി വരുമെന്ന് പ്രതീക്ഷിച്ച് എത്രയോ വർഷങ്ങളായി ജനങ്ങൾ ആ ഭൂമിയിൽ കൃഷിചെയ്യാറില്ല, ക്രയവിക്രയങ്ങൾ നടത്താറില്ല. അവിടെയാകെ നിശ്ചലമാണ്. എന്റെ നിയോജകമണ്ഡലത്തിലാണ് ആ പദ്ധതി വരുന്നത്. കുറച്ച് ആളുകൾ അവിടെ ഈ പദ്ധതി വരുന്നതിന് എതിരാണ്. അതുകൊണ്ട് ഗവൺമെന്റിന് ഇത് സംബന്ധിച്ച് ഒരു ക്ലാരിറ്റി വേണം. വാമനപുരം നദീതട പദ്ധതി വരുമോ ഇല്ലയോയെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : വാമനപുരം പദ്ധതി വരുമോ ഇല്ലയോയെന്ന് പറയാൻ കഴിയില്ല. അതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി; വിവിധോദ്ദേശ പദ്ധതി അനുസരിച്ച് ഡിസൈൻ തയ്യാറാക്കാൻ പറഞ്ഞു. ആ വിവിധോദ്ദേശ പദ്ധതി വന്നതിനുശേഷം പരിശോധിച്ചതിനുശേഷമേ അത് ഉറപ്പിച്ചും തറപ്പിച്ചും പറയാൻ കഴിയൂ.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

6 (*558) കാലവർഷക്കെടുതികൾ നേരിടുന്നതിന് പദ്ധതി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly